# നാളികേര ഉത്പാദക കമ്പനികളുടെ കൂട്ടായ്മ രൂപീകരിച്ചു

കൊച്ചി: കേരളത്തിലെ 12 നാളികേര ഉത്പാദക കമ്പനികളുടെ ഭാരവാഹികൾ ചേർന്ന് കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള എന്ന പേരിൽ കൺസോർഷ്യം രൂപീകരിച്ചു. നാളികേര വികസന ബോർഡിന്റെ പ്രോത്സാഹനത്തോടെയാണ് കൺസോർഷ്യം രൂപീകരിച്ചിരിക്കുന്നത്. കമ്പനികളുടെ ഉത്പാദനവും വിപണനവും ബന്ധപ്പെട്ട എല്ലാ സാധ്യതകളും കണ്ടെത്തി വേണ്ട സഹായങ്ങൾ ചെയ്യുക, കമ്പനികൾ തമ്മിൽ ഒരു ഏകീകരണം ഉണ്ടാക്കുക, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്കു വേണ്ട സാമ്പത്തിക സഹായങ്ങൾ കമ്പനികൾക്ക് യഥാസമയം എത്തിച്ചു നൽകുക, കർഷകർക്ക് അനുകൂലമായ നയരൂപീകരണത്തിന് സർക്കാരിൽ സമ്മർദം ചെലുത്തുക, കർഷക വിരുദ്ധ നയങ്ങളെ നേരിടുക, നീര ഉത്പാദനവുമായി ബന്ധപ്പെട്ട് കമ്പനികൾക്ക് അനുവദിച്ച 15 കോടി രൂപ ലഭിക്കുന്നതിന് ശക്തമായ നടപടികൾ ആരംഭിക്കുക തുടങ്ങിയവയാണ് കൺസോർഷ്യം പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. കർഷകർക്ക് ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കുന്ന പദ്ധതിയാണ് നീര ഉത്പാദനം.

ഇതിന് സർക്കാരിന്റെ ഭാഗത്തു നിന്നു വേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ലെന്ന് കൺസോർഷ്യം ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട കൊല്ലം കൈപ്പുഴ നാളികേര ഉത്പാദക കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിള പത്ര സമ്മേളനത്തിൽ പറഞ്ഞു.

കഴിഞ്ഞ മാർച്ചിൽ നീര ഉത്പാദകർക്ക് ഗ്രാന്റായി 15 കോടി രൂപ നല്കാമെന്ന് കാബിനറ്റ് തീരുമാനമുണ്ടായതാണ്. എന്നാൽ ഇതിനു നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ പണം നീര കമ്പനികൾക്ക് ഗ്രാന്റായി നൽകുന്നതിന് വേണ്ട കൂട്ടായ ശ്രമത്തിലേക്ക് നീങ്ങാനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. നിലവിൽ പാലക്കാടുള്ള ഒരു കമ്പനിയാണ് നീര ഉത്പാദിപ്പിക്കുന്നത്. 12 കമ്പനികളും പൂർണമായും പ്രവർത്തനസജ്ജമായാൽ പ്രതിദിനം ഒരുലക്ഷം ലിറ്റർ നീര ഉത്പാദിപ്പിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. കൺസോർഷ്യത്തിന്റെ വൈസ് ചെയർമാന്മാരായി സണ്ണി ജോർജ് (തേജസ്വിനി നാളികേര ഉത്പാദക കമ്പനി, കണ്ണൂർ), വിനോദ്കുമാർ (പാലക്കാട് നാളികേര ഉത്പാദക കമ്പനി) എന്നിവരെയും ജനറൽ സെക്രട്ടറിയായി നാസർ പൊന്നാടിനേയും (മലപ്പുറം നാളികേര ഉത്പാദക കമ്പനി) തെരഞ്ഞെടുത്തു.